**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1221** **18-09-2025 - ൽ മറുപടിയ്ക്ക്**

**അർജന്റീന ഫുട്ബോൾ ടീമിന്റെ കേരള സന്ദർശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി അടങ്ങുന്ന അർജന്റീന ഫുട്ബോൾ ടീം കേരളം സന്ദർശിക്കുന്നതിനും ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുന്നതിനും തീരുമാനമായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | തീരുമാനമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത തീരുമാനം സംബന്ധിച്ച് സംസ്ഥാന സർക്കാരും എ.എഫ്.എ.- യും (അർജന്റീന ഫുട്ബോൾ അസോസിയേഷൻ) തമ്മിൽ ധാരണാപത്രം ഒപ്പിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | അർജന്റീന ഫുട്ബോൾ ടീം കേരളത്തിൽ വരുന്നുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട സംഘാടന ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ; | (സി) | റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനെ സ്പോൺസറായി ചുമതലപ്പെടുത്തി 07/01/2025 ലെ സ.ഉ.(സാധാ)10/2025/ക.യു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അർജന്റീന ഫുട്ബോൾ ടീമിന്റെ സന്ദർശനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെയാണ് നിയമിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് കായിക വകുപ്പ് ഏതെല്ലാം സ്പോൺസർമാരെ സമീപിച്ചിട്ടുണ്ട്; സ്പോൺസർഷിപ്പുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കുമോ; | (ഡി) | റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനെ സ്പോൺസറായി ചുമതലപ്പെടുത്തി 07/01/2025 ലെ സ.ഉ.(സാധാ)10/2025/ക.യു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അർജന്റീന ഫുട്ബോൾ ടീമിന്റെ സന്ദർശനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെയാണ് നിയമിച്ചിട്ടുള്ളത്. |
| (ഇ) | പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് സർക്കാരിന് ഇതിനോടകം സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഇ) | അർജന്റീന ഫുഡ്ബോൾ ടീമിന്റെ കേരള സന്ദർശനം, അർജന്റീന അക്കാദമികൾ കേരളത്തിൽ ആരംഭിക്കുക, ലാലിഗയും സ്പെയിൻ ഹയർ സ്പോർട്സ് കൗൺസിൽ എന്നിവരുമായുള്ള |

| | | | |
|---|---|---|---|
| | | | സഹകരണം എന്നീ വിഷയങ്ങളുടെ ചർച്ചകൾക്കായി 13,04,434/- രൂപ ചെലവായി. |
| (എഫ്) | പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക ബാധ്യതയോ സാമ്പത്തിക-കായിക നേട്ടമോ ഉണ്ടാകുമോയെന്ന് വിശദമാക്കുമോ? | (എഫ്) | സാമ്പത്തിക ബാധ്യതയില്ല.<br><br>കേരള ഫുട്ബോളിന്റെ വികസനത്തിന് ഊർജ്ജം പകരുന്നതാകും ലോകകപ്പ് ജേതാക്കളായ അർജന്റീന ടീമിന്റെ സന്ദർശനം. കേരളത്തിലെ ഉയർന്നു വരുന്ന കായിക താരങ്ങൾക്ക് വലിയ പ്രചോദനമാകാൻ മെസിയുടെയും സംഘത്തിന്റെയും സന്ദർശനത്തിനാകും. അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കാനുള്ള കേരളത്തിന്റെ പ്രാപ്തിയ്ക്ക് ആഗോള അംഗീകാരം നേടിയെടുക്കാൻ കഴിയും. കായിക രംഗത്ത് അന്താരാഷ്ട്ര സഹകരണത്തിനുള്ള വലിയ സാധ്യതകൾക്ക് വഴി തുറക്കും. കേരളത്തിന്റെ സാമ്പത്തിക, ടൂറിസം മേഖലകളുടെ പ്രോത്സാഹനത്തിന് സഹായിക്കും. |

സെക്ഷൻ ഓഫീസർ